**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 ഓഗസ്റ്റ് 18 **ഞായർ**

# ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസ ക്യാമ്പ് ജില്ലാകളക്ടർ സന്ദർശിച്ചു

ആലപ്പുഴ: ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാമ്പ് ജില്ലാ കളക്ടർ ഡോ.അദീല അബ്ദുള്ള ഞായറാഴ്ച രാവിലെ സന്ദർശിച്ചു. താലൂക്കിലെ തന്നെ മികച്ച രീതിയിൽ നടക്കുന്ന ക്യാമ്പുകളിലൊന്നാണ് ഇതെന്ന് പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെട്ടതായി കളക്ടർ പറഞ്ഞു. സർക്കാർ നൂറുശതമാനം ഇടപെട്ടാൽ പോലും ക്യാമ്പ് അംഗങ്ങൾ സദുദ്ദേശ്യത്തോടെ ചെയ്യുന്ന ചിലകാര്യങ്ങൾ ഉണ്ടാകാറുണ്ട്. അതാണ് ഇവിടെയും നടന്നത്. നിലവിൽ ക്യാമ്പിന് മേൽനോട്ടം നൽകുന്ന ഉദ്യോഗസ്ഥർ എല്ലാം തൊട്ടടുത്ത് തന്നെയുണ്ടായിരുന്നു. വില്ലേജ് ഓഫീസർ, ക്യാമ്പിന്റെ ചുമതലയുള്ള മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥൻ, നാല് ആശാവർക്കർമാർ ഉൾപ്പടെയുള്ള ഉദ്യോഗസ്ഥർ സ്ഥലത്തുണ്ട്.
പരാതിയുണ്ടായിരുന്നെങ്കിൽ ഈ ഉദ്യോഗസ്ഥരോട് പറഞ്ഞാൽ മതിയായിരുന്നു. വളരെപ്പെട്ടെന്ന് പരിഹരിക്കാവുന്ന പ്രശ്നങ്ങളായിരുന്നു. സബ്കളക്ടർ രണ്ടുദിവസം മുമ്പ് ക്യാമ്പ് സന്ദർശിച്ചിരുന്നു. നിർദ്ദേശപ്രകാരം പഞ്ചായത്ത് പണമടച്ച് വൈദ്യുതികണക്ഷൻ നൽകിയിട്ടുണ്ട്. 23 കുടുംബങ്ങളാണ് ക്യാമ്പിൽ ഇപ്പോൾ തുടരുന്നത്. ക്യാമ്പ് അംഗങ്ങൾക്ക് വേണ്ട എല്ലാ സഹായങ്ങളും ചെയ്ത് നൽകണമെന്ന് കളക്ടർ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകി. നിലവലിൽ ക്യാമ്പിലെ പ്രശ്നങ്ങളുടെ പേരിൽ പൊലീസിൽ നൽകിയ പരാതി പിൻവലിക്കും. പൊലീസിനും പരാതിയിൽപ്പറയുന്ന കാര്യത്തിന്റ സദുദ്ദേശ്യം ബോധ്യപ്പെട്ടിട്ടുണ്ടെന്നും കളക്ടർ പറഞ്ഞു.

# എം.പി ക്യാമ്പ് സന്ദർശിച്ചു

ആലപ്പുഴ: ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാമ്പ് എ.എം.ആരിഫ് എം.പി ഞായറാഴ് സന്ദർശിച്ചു.

# കൃഷി മന്ത്രി ഇന്ന് മഴക്കെടുതി ബാധിത പ്രദേശങ്ങൾ സന്ദർശിക്കും

ആലപ്പുഴ: സംസ്ഥാന കൃഷി മന്ത്രി വി.എസ്.സുനിൽകുമാർ ഇന്ന് (ആഗസ്റ്റ് 19) കുട്ടനാട്ടിലെ മഴക്കെടുതി ബാധിത പ്രദേശങ്ങൾ സന്ദർശിക്കും. രാവിലെ 8.30ന് യാത്രതിരിക്കും.

# കുട്ടനാട്ടിലെ വിദ്യാലയങ്ങൾക്ക് അവധി

ആലപ്പുഴ: കുട്ടനാട് താലൂക്കിൽ ജലനിരപ്പ് താഴ്ന്നിട്ടില്ലാത്തതിനാലും ഗതാഗതം പുനസ്ഥാപിച്ചിട്ടില്ലാത്തതിനാലും കുട്ടനാട് താലൂക്കിലെ അംഗനവാടികൾ, പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മറ്റ് താലൂക്കുകളിലെ ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് (19/08/2019) (തിങ്കളാഴ്ച) ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. അന്നേ ദിവസം ജില്ലയിലെ എല്ലാ അംഗൻവാടികളും തുറന്നു പ്രവർത്തിയ്ക്കേണ്ടതും, പോഷകാഹാര വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്.